സ്വർഗ്ഗാരോപിതമാതാ ദൈവാലയം മരിയനാട്

വചനധ്വനി

2026 ജൂൺ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

ഒരുക്കം :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

പ്രിയപ്പെട്ടവരെ,

മനുഷ്യജീവിതത്തിൽ അറിവിനും വിദ്യാഭ്യാസത്തിനും വലിയ സ്ഥാനമുണ്ട്. എന്നാൽ വിദ്യാഭ്യാസം വെറും ബൗദ്ധിക വളർച്ചയ്ക്ക് മാത്രമല്ല, ആത്മീകവും, ധാർമികവുമായ വളർച്ചയ്ക്ക് സഹായിക്കേണ്ടതാണ്. ഈ ആത്മീയവും ധാർമികവുമായ വളർച്ചയ്ക്ക് വഴികാട്ടുന്നതാണ് മതബോധനം. ദൈവത്തെ അറിയാനും വിശ്വാസത്തിൽ വളരാനും നല്ല മനുഷ്യരായി ജീവിക്കാനും മതബോധനം സഹായിക്കുന്നു.ദൈവവചനം ഇപ്രകാരം പറയുന്നു; കുട്ടി നടക്കേണ്ട വഴി അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അതിൽ നിന്നു മാറുകയില്ല. (സുഭാഷിതങ്ങൾ 22:6) ഈ വചനം മതബോധനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ബാല്യത്തിൽ ലഭിക്കുന്ന ആത്മീയപരിശീലനം വ്യക്തിയുടെ ജീവിതകാലം മുഴുവൻ സ്വാധീനം ചെലുത്തുന്നു . കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം മതബോധനത്തെ യേശുക്രിസ്തുവുമായുള്ള ഒരു ആഴമായ ബന്ധത്തിലേക്ക് നയിക്കുന്ന പ്രക്രിയയാണ് കാണുന്നത് . മതബോധനം എന്നത് സഭയുടെ വിശ്വാസസത്യങ്ങളെയും, കൂദാശകളെയും, ക്രിസ്തീയജീവിത ധാർമ്മികതയെയും, പ്രാർത്ഥനയെയും കുറിച്ചുള്ള സമഗ്രമായ ഒരു പഠനമാണ്.

വി.ഗ്രന്ഥത്തിലൂടെ കടന്നുപോകുമ്പോൾ നിയമാവർത്തനം 6:67ൽ പറയുന്നു ഞാനിന്ന് നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിലു ണ്ടായിരിക്കണം. നിന്റെ മക്കളോട് നീ അവ പറഞ്ഞു പറഞ്ഞുറപ്പിക്കണം. ഇങ്ങനെ വി.ഗ്രന്ഥം തന്നെ ദൈവകല്പനകൾ മക്കളെ പഠിപ്പിക്കാൻ പറയുന്നുണ്ട്.

പുതിയനിയമത്തിൽ ശിഷ്യന്മാരാക്കി മാറ്റാനും കല്പിച്ചവയെ എല്ലാം പഠിപ്പിക്കാനും യേശുക്രിസ്തു പറയുന്നു. കൂടാതെ, തിമോത്തിയോസിനുള്ള ലേഖനത്തിൽ തിരുവെഴുത്തുകൾ ഉപദേശത്തിന് ഉപയോഗപ്രദമാണെന്നും നാം വായിക്കുന്നു. മതബോധനം വിശ്വാസത്തെ വളർത്തുന്നു. വിശ്വാസം വ്യക്തിപരമായ ഒരു പ്രവൃത്തിയാണ്. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ മുൻകൈയെടുക്കലിന് മനുഷ്യൻ നല്കുന്ന സ്വതന്ത്രമായ പ്രത്യുത്തരമാണ് വിശ്വാസം. ഈ പ്രത്യുത്തരം നല്ക്കാൻ നമ്മുടെ മക്കളെ സജ്ജമാക്കുന്നതാണ് മതബോധനം എന്നത്. ഈ യോഗത്തിൽ നമ്മുടെ മക്കളുടെ മതബോധനത്തെപ്പറ്റി ചിന്തിക്കാം.

യേശുവിനെ ക്ഷണിക്കൽ :-

ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും'' എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. വിശ്വാസപ്രമാണം *(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

ലീഡർ : നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് ''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''എന്ന് പറയുന്നു.)

5. സങ്കീർത്തനം : 136 : 1 26

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.
(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)

6. വചനഗീതി

7. വചനപാരായണം : വി.മത്തായി 7: 24-27

8. വചനവിചിന്തനം :-

പ്രിയപ്പെട്ടവരെ, <u>ഉറച്ച അടിസ്ഥാനം</u>

യേശുവിന്റെ ഉപമകൾ മിക്കവയും അവിടുത്തെ ജീവിതാനുഭവങ്ങളാണ്. യേശുനാഥൻ ഉപമകളിലൂടെയാണ് സംസാരിച്ചത് വലിയ വലിയ ഗണിത ശാസ്ത്ര ഭാഷകൾ ഉപയോഗിച്ചില്ല, തത്ത്വ ശാസ്ത്രത്തെ കൂട്ടുപ്പിടിച്ചില്ല പിന്നയോ; വയലിലെ ലില്ലികളിൽ നിന്നും, ആകാശത്തിലെ പറവകളിൽ നിന്നും ഒക്കെ പാഠങ്ങൾ നാഥൻ പകർന്നു തന്നു.

ഈ ഉപമയും അത്തരം ഗണത്തിൽപെടുന്നതാണ്. അനുദിനം നാം കേൾക്കുന്ന വാർത്തകളാണ് വീടുകൾ ഉരുൾപൊട്ടി ഒലിച്ചുപോകുന്നതും, കടലെടുത്തു പോകുന്നതും എല്ലാം എല്ലാ വർഷവും മഴക്കാലത്ത് വേദനിപ്പിക്കുന്ന പത്രവാർത്തകളാണ്. അത്തരം ഒരു അനുഭവമാണ് ഈ ഉപമയുടെ വിഷയം.

ഉറച്ച അടിസ്ഥാനവും – മതബോധനവും

വി. മത്തായിലും, വി.ലൂക്കയും ഈ ഉപമ കൊടുക്കുന്നുണ്ട്. വി.മത്തായി പലസ്തീനയിലെ ഭൂപ്രകൃതിയിലൂന്നിയാണ് ഉപമ വിവരിക്കുന്നത്. അവിടെ വേനൽക്കാലത്ത് സമനിരപ്പായും സമാകർഷകമായും കാണുന്നിടം മഴക്കാലത്തു ജലസമൃദ്ധമായ ആറുകളാകാം. വേനൽക്കാലത്തു മാത്രം ഭൂമി നിരീക്ഷിച്ചു വീടു വച്ചാൽ അടുത്ത മഴയ്ക്ക് ശക്തമായ ഒഴുക്കിൽപ്പെട്ട് അതു നിലം പൊത്തിയെന്നുവരാം. ഉറച്ച പാറയിൽ പണിയുന്ന വീടിന് അങ്ങനെയൊന്നും സംഭവിക്കുകയില്ല. ആഴത്തിൽ കുഴിച്ച് പാറയിൽ അടിസ്ഥാനമുറപ്പിച്ച് വീടുപണിയുന്നയാളേയും വി. ലൂക്ക താരതമ്യപ്പെടുത്തുമ്പോൾ ലോകത്തിന്റെ ഏതു കോണിലെ വീടുപണിക്കാരനും അതു പ്രസക്തമാകുന്നു. ഉചിതമായ സ്ഥാനം കണ്ടെത്തുക, ഇളകിയ മണ്ണ് മാറ്റുക, ഉറച്ച ഭൂമിയോ പാറയോ കണ്ടെത്തുവോളും

കുഴിക്കുക, അവിടെ നിന്നും പടുത്തുകെട്ടുക. അങ്ങനെ ഭവനം ഉറച്ച അടിസ്ഥാനമായി മാറുന്നതുപോലെ മതബോധനം വിശ്വാസത്തിൽ ഉറച്ച അടിസ്ഥാനമായി മാറണം. വിശ്വാസ സത്യങ്ങളെ കുറിച്ചുള്ള ജ്ഞാനം ലഭിക്കുന്ന ഇടമാണ് മതബോധനം എന്നത്. കുട്ടിയുടെ വളർച്ചയുടെ ആദ്യഘട്ടങ്ങൾ മാതാപിതാക്കളുടെ പരിചരണം അത്യാവശ്യമായിരിക്കുന്നതുപ്പോലെ ഓരോ കുട്ടിയുടെ വിശ്വാസ വളർച്ചയ്ക്ക് മതബോധനം വളരെ അനുവാര്യമാണ്. ഒരു കുട്ടിയുടെ ജീവിതത്തിൽ മതബോധനം വിശ്വാസത്തിന്റെ ഒരു ഉറച്ച അടിസ്ഥാനം സൃഷ്ടിക്കുകയാണ്. അങ്ങനെ മതബോധനം ധാർമ്മികബോധവും സഭയെക്കുറിച്ചുള്ള പഠനവും, പ്രാർത്ഥനകളെക്കുറിച്ചുള്ള പഠനവും വഴി വിശ്വാസത്തിൽ ഒരു ഉറച്ച അടിത്തറ പാകുന്നു.

2. യേശുവിന്റെ പ്രബോധനവും : മതബോധനവും

ഈ ഉപമ വഴി യേശു ഉയർത്തുന്ന ഒരു അവകാശ വാദം ഉണ്ട്. തന്റെ പ്രബോധനങ്ങളാണ് ജീവിതത്തിന് അടിത്തറയെന്ന് വി. പൗലോസ് അകാര്യം എടുത്തു പറയുന്നുണ്ട് യേശുക്രിസ്തു എന്ന അടിസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു; അതിനു പുറമേ മറ്റൊന്നും സ്ഥാപിക്കുവാൻ ഒരുത്തർക്കും സാധിക്കുകയില്ല (1 കൊറി 3:11). യേശുവെന്ന അടിത്തറയിൽ വേണം നാം മതബോധനം എന്ന പഠനം കെട്ടിപ്പൊക്കാൻ. ഉപരിപ്ലവതത്വങ്ങളും താത്കാലിക തത്വങ്ങൾക്കു പുറകെ പോകുന്ന ഒരു പുതുതലമുറയാണ് നമ്മുടെത്. ആയതിനാൽ തന്നെ ദുഃഖാനുഭവങ്ങളുടെ പേമാരിയും പ്രലോഭനങ്ങളുടെ കൊടുങ്കാറ്റും പുത്തൻ യുവത്വത്തെ തകർത്തെറിയുന്നത് ഒരു സ്വാഭാവിക സംഭവമായി മാറികൊണ്ടിരിക്കുന്നു.

യേശുവിന്റെ ജീവിതകാലത്ത് നിയമങ്ങളും വ്യാഖ്യാനങ്ങളും വേണ്ടതിലെറെയായിരുന്നു. പക്ഷേ അവയ്കൊന്നും ആത്മീയതയില്ലായിരുന്നു. നിയമത്തിന്റെ അക്ഷരങ്ങളിൽ ആദ്ധ്യാത്മകതയെ അവഗണിക്കുകയും ചെയ്തു. സത്യത്തിലും അരൂപിയിലും ദൈവത്തെ ആരാധിക്കുന്നിടത്തേ മതാത്മകത ആഴങ്ങൾ തേടുന്ന യഥാർത്ഥ്യമാവൂ. ഇന്നിന്റെ യുവതലമുറയെ പ്രലോഭിപ്പിക്കുന്ന പല തത്വചിന്തകളും, ജീവിതരീതികളും സമൂഹത്തിൽ നിലനിക്കുന്നു. ആയതിനാൽ തെറ്റും ശരിയും തിരിച്ചറിയാനും തെറ്റിനെ ചോദ്യം ചെയ്യാൻ പഠിപ്പിക്കുമ്പോൾ നമ്മുടെ കുട്ടികൾ സഭയ്ക്കും സമൂഹത്തിനും മാതാപിതാക്കൾക്കും മുതൽകൂട്ടായി മാറും. യേശുവിന്റെ പ്രബോധനങ്ങളെ ശരിയായി മനസ്സിലാക്കാൻ ഉതകുന്ന ഉപദർശനങ്ങളാണ് മലയിലെ

പ്രസംഗത്തിൽ യേശു നിരത്തുന്നത്. അവയുടെ അടിസ്ഥാനത്തിൽ ജീവിതം പണിതുയർത്തുന്നില്ലെങ്കിൽ നമ്മളും നമ്മുടെ മതജീവിതവും നിരത്ഥമാകു തെറ്റായ തത്ത്വചിന്തകൾക്ക് പുറകെ പായുന്നത് മണലിൽ പണിത ഭവനം പോലെ ഭോഷത്ത്വമാകും ; ഈ ഭോഷത്തം പാപത്തെക്കാൾ അപകടകരമാണ്. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി തെറ്റാതിരിക്കാൻ വചനം വായിക്കുക മാത്രം പോരാ; അതനുസരിച്ച് ജീവിക്കുന്നവർ കൂടിയാകണം. നമ്മൾ യേശുവിന്റെ പ്രബോധനങ്ങളെ മതബോധനത്തിലൂടെ തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കുന്നവരായി തീരാം.

<u>ദൗത്യം ഏറ്റെടുക്കൽ</u>

1. യൂണിറ്റിലെ എല്ലാ കുട്ടികളും മതബോധന ക്ലാസിൽ പങ്കെടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക. അജപാലന ശുശ്രൂഷ സമിതി അംഗം കുട്ടികളുടെ ലിസ്റ്റ് എടുത്ത് മതബോധന ക്ലാസിൽ പോകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക.
2. 10, +2 ജയിച്ച എല്ലാ കുട്ടികളും തുടർ പഠനം നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക. വിദ്യാഭ്യാസ ശുശ്രൂഷ സമിതി അവരുടെ ലിസ്റ്റ് തയ്യാറാക്കി തുടർ പഠനം ഉറപ്പാക്കുക.
3. 10, +2 ജയിച്ച കുട്ടികളെ യൂണിറ്റ് തലത്തിൽ ആദരിക്കുക.
4. പാവപ്പെട്ട കുട്ടികളെ പഠിക്കാനായി സഹായിക്കുക.

9. റിപ്പോർട്ട്
10. ഹാജർ
11. അടുത്ത യോഗം നിശ്ചയിക്കുക
12. ചർച്ച
13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :

(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.
ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ യൗസേപ്പിതാവേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.
സകല മാലാഖമാരേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.
വിശുദ്ധ അന്തോനീസേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.
ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.
സകല വിശുദ്ധരേ :ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

14. മദ്ധ്യസ്ഥ പ്രാർത്ഥന

ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)

കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

നന്മ നിറഞ്ഞ മറിയമേ.....

15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.

16. സമാപന ഗാനം